കോട്ടയ്ക്കൽ കടപ്പുറത്ത് വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

51 (324)ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ പയ്യോളി പഞ്ചായത്തിലെ കോട്ടയ്ക്കൽ കടപ്പുറത്ത് കോടിവിപ്പാലം മേഖലയിൽ വനം വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാനുദ്ദേശമുണ്ടോ?

ഉത്തരം

(എ) ഈ മേഖലയിൽ കേരള ഫോറസ്ട്രി പ്രോജക്ടിന്റെ കീഴിൽ ഒരു കടലാമ പദ്ധതി നടപ്പിലാക്കിവരുന്നു ഈ പദ്ധതിയിൽ വംശനാശഭീഷണി നേരിടുന്ന ഓലീവ് റിഡ്ലി റ്റർട്ടിൽ ഇനത്തിൽപ്പെട്ട കടലാമകളുടെ മുട്ടകൾ ശേഖരിച്ച് വിരിയിച്ചതിനുശേഷം ആമക്കുഞ്ഞുങ്ങളെ സുരക്ഷിതമായി കടലിലേയ്ക്ക് തുറന്നു വിടുകയാണ് ചെയ്യുന്നത്.

(ബി) പദ്ധതി നടപ്പിലാക്കിയതിലൂടെ ലഭിച്ച പരിചയത്തിന്റെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശമുണ്ട്.

വട്ടോളി എസ്റ്റേറ്റിൽനിന്നും മരം മുറിക്കുന്നതിന് അനുമതി

52 (325) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേര്യവില്ലേജിലെ വട്ടോളി എസ്റ്റേറ്റിൽനിന്നും മരം മുറിക്കുന്നതിന് പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ വ്യവസ്ഥപ്രകാരം അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എതെല്ലാം സർവ്വേ നമ്പരുകളിലെ എത്ര ഏക്കർ സ്ഥലത്തെ മരം മുറിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്;

(സി) അവിടെ ഏതെല്ലാം സർവ്വേ നമ്പരുകളിലെ എത്ര ഏക്കർ സ്ഥലത്തുനിന്നാണ് മരം മുറിച്ചിട്ടുള്ളത്;

(ഡി) ഈ സ്ഥലത്തുനിന്നും മരം മുറിക്കുന്നതിന് നൽകിയ അനുമതി പത്രത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ ആന്റ് ബി) അനുമതി നൽകിയിട്ടില്ല

(സി) പേര്യ വില്ലേജിലെ സർവ്വേ നമ്പർ 88/1 എ3 ൽപ്പെട്ട 49.94 ഏക്കർ സ്ഥലത്തുനിന്നാണ് മരം മുറിച്ചിട്ടുള്ളത്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly